MARCH 2018

# റിവൈവൽ വോയ്സ്

A Revival Church Publication



- പാസ്റ്ററുടെ സന്ദേശം
- വചന പഠനം: സീയോൻ
- മഹത്തരമായ ഒരു ദാനം
- വിശ്വാസ വീരന്മാർ - വില്യം കേറി

I will build my church; and the gates of hell shall not prevail against it.

Matthew 16:18

Philadelphia Revival Church www.prconline.org

Private Circulation Only



# പാസ്റ്ററുടെ സന്ദേശം

മാർച്ചിലേക്കു സ്വാഗതം.

ഈ വർഷത്തിന്റെ ആദ്യ കാൽഭാഗം തീരാറായിരിക്കുന്നു.

വിവേകപൂർവ്വം കൈകാര്യം ചെയ്യാത്തവർക്ക് സമയം പെട്ടെന്ന് കടന്നു പോകുന്നുവെങ്കിലും, നമുക്ക് താല്പര്യമെങ്കിൽ സമയം തക്കത്തിൽ ഉപയോഗിക്കാം. ദൈവപ്രവർത്തിയിൽ ആയിരിക്കുന്നവർക്കു സമയം വിരളമായി തോന്നുന്നില്ല. ജീവിതത്തിൽ അനുഭവപ്പെടുന്ന ബദ്ധപ്പാടും, പിരിമുറുക്കവും ഒന്നുംതന്നെ നമ്മുടെ പിതാവാം ദൈവത്തിൽ നിന്നുള്ളതല്ല. വിശ്വസിക്കുന്നവർക്ക് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നത് സ്വസ്ഥതയാണ്.

ഈ അനുഗ്രഹീതമായ സ്വസ്ഥത അനുഭവിക്കാത്ത ആരെങ്കിലും ഉണ്ടെങ്കിൽ, മാർച്ചുമാസം അതിലേക്കു പ്രവേശിക്കാൻ ഒരവസരമാകട്ടെ.

ദയവായി ഈ സ്വസ്ഥതക്കായി ദൈവത്തോട് അപേക്ഷിക്കുക.

അനുഗ്രഹങ്ങൾ നിറഞ്ഞു കവിയട്ടെ.

**ഷിജു നൈനാൻ**

**പാസ്റ്റർ, ഫിലാഡൽഫിയ റിവൈവൽ ചർച്ച്**

## വചന പഠനം: സീയോൻ

(മുൻ ലക്കത്തിൽ നിന്നും തുടർച്ച)

*സങ്കീർത്തനങ്ങൾ 2:6 - എന്റെ വിശുദ്ധപർവ്വതമായ സീയോനിൽ ഞാൻ എന്റെ രാജാവിനെ വാഴിച്ചിരിക്കുന്നു.*

*യെശയ്യാവ് 28:16 - അതുകൊണ്ടു യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: ഇതാ, ഞാൻ സീയോനിൽ ഉറപ്പുള്ള അടിസ്ഥാനമായിട്ടു ശോധനചെയ്ത കല്ലും വിലയേറിയ മൂലക്കല്ലും ആയി ഒരു അടിസ്ഥാനക്കല്ലു ഇട്ടിരിക്കുന്നു; വിശ്വസിക്കുന്നവൻ ഓടിപ്പോകയില്ല.*

*യെശയ്യാവ് 53:1 – 2 - ഞങ്ങൾ കേൾപ്പിച്ചതു ആർ വിശ്വസിച്ചിരിക്കുന്നു? യഹോവയുടെ ഭുജം ആർക്കു വെളിപ്പെട്ടിരിക്കുന്നു? അവൻ ഇളയ തൈപോലെയും വരണ്ട നിലത്തുനിന്നു വേർ മുളെക്കുന്നതുപോലെയും അവന്റെ മുമ്പാകെ വളരും; അവന്നു രൂപഗുണം ഇല്ല, കോമളത്വം ഇല്ല; കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യവുമില്ല.*

സീയോനിൽ മൂന്ന് കാര്യങ്ങൾ സംഭവിക്കുന്നു.

1. ദൈവം തന്റെ രാജാവിനെ വിശുദ്ധപർവതമായ സീയോനിൽ ആക്കിയിരിക്കുന്നു.

2. സീയോനിൽ ഒരു അടിസ്ഥാനം ഇട്ടിരിക്കുന്നു.

3. വരണ്ട നിലത്തു മുളക്കുന്ന ഇളയ തൈ പോലെയും ഒരു വേരുപോലെയും അവൻ ദൈവമുൻപാകെ വളരും.

ഇത് യേശുക്രിസ്തുവിനെക്കുറിച്ചും, നമ്മിൽ പരിശുദ്ധാത്മാവിനാൽ നടപ്പെട്ട ഉൾമനുഷ്യനെക്കുറിച്ചും, പ്രതിപാദിക്കുന്ന ഭാഗമത്രെ. ദൈവത്തിന്റെ വിശുദ്ധപർവതം എന്ന് വിളിക്കപ്പെടുന്നതും, വരണ്ടനിലം എന്ന് അർത്ഥമുള്ളതുമായ സീയോനിൽ ദൈവത്തിനുമാത്രമേ മനോഹരമായ എന്തെങ്കിലും നട്ടുവളർത്തുവാൻ സാധിക്കുകയുള്ളു.

മരുഭൂമിയിലെ മണലാരണ്യം പോലെ വീണുപോയ മനുഷ്യന്റെ വരണ്ട പ്രകൃതത്തിലേക്കു പുനരുദ്ധാനം ചെയ്ത തന്റെ പുത്രന്റെ പ്രതിച്ഛായ സ്ഥാപിക്കാൻ തക്കവണ്ണം ദൈവത്തിന്റെ കരുണ എത്ര വലുതെന്നു നാം അറിയണം.

വരണ്ടനിലത്തു മുളക്കുന്ന ഒരു ഇളം തൈ പോലെയും, ഒരു വേരുപോലെയും നമ്മുടെ കർത്താവായ യേശുക്രിസ്തു ദൈവമുൻപാകെ വളരും എന്ന് യെശയ്യാവ് പ്രവാചകൻ വിളിച്ചുപറയുന്നു (യെശയ്യാവ് 53 )

ദൈവം തന്റെ പ്രവർത്തി നമ്മിൽ തുടങ്ങുമ്പോൾ (വീണ്ടുംജനനം നാം പ്രാപിക്കുമ്പോൾ) പുനരുദ്ധാനം ചെയ്ത യേശുക്രിസ്തുവിനെ നമ്മിൽ സ്ഥാപിക്കുന്നു. ഇതാ, ഞാൻ സീയോനിൽ ഉറപ്പുള്ള അടിസ്ഥാനമായിട്ടു ശോധനചെയ്ത കല്ലും വിലയേറിയ മൂലക്കല്ലും ആയി ഒരു അടിസ്ഥാനക്കല്ലു ഇട്ടിരിക്കുന്നു; വിശ്വസിക്കുന്നവൻ ഓടിപ്പോകയില്ല. (യെശയ്യാവ് 28:16)

യേശുക്രിസ്തു തന്നെയാണ്,

1 . അടിസ്ഥാനക്കല്ല്

2 . വിലയേറിയ മൂലക്കല്ല്

3 . സുസ്ഥിരമായ അടിസ്ഥാനം

പുനരുദ്ധാനം ചെയ്ത ക്രിസ്തു ഇന്ന് നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനമായ സ്ഥിരമായതും വിലയേറിയതുമായ ഒരു മുലക്കല്ലായി തീർന്നിരിക്കുന്നു.

## യേശുക്രിസ്തുവത്രേ നമ്മുടെ അടിസ്ഥാനം

പഴയനിയമമാണ് നമ്മുടെ അടിസ്ഥാനമെന്നും യേശുക്രിസ്തുവിൽ കേന്ദ്രീകരിച്ചുള്ള പുതിയനിയമം അതിന്റെ തുടർച്ചയാണെന്നും പലരും തെറ്റായി വിശ്വസിക്കുന്നു. എന്നാൽ നമ്മിലും, നമ്മളിലെ പുതിയ മനുഷ്യനിലും ഈ അന്ത്യനാളുകളിൽ വെളിപ്പെടാനിരിക്കുന്ന യേശുക്രിസ്തുവെന്ന അടിസ്ഥാനത്തിലേക്കു വിരൽ ചൂണ്ടുകയാണ് പഴയനിയമം എന്നതാണ് സത്യാവസ്ഥ.

ലോകസ്ഥാപനം മുതൽ തന്നെ ക്രിസ്തുവിനുള്ള അധികാരം താഴെ ഉദ്ധരിച്ചിരിക്കുന്ന വേദഭാഗം വ്യക്തമാക്കുന്നു,

*മത്തായി 13:34-35 ഇതു ഒക്കെയും യേശു പുരുഷാരത്തോടു ഉപമകളായി പറഞ്ഞു; ഉപമ കൂടാതെ അവരോടു ഒന്നും പറഞ്ഞില്ല. "ഞാൻ ഉപമ പ്രസ്താവിപ്പാൻ വായ്തുറക്കും; ലോകസ്ഥാപനംമുതൽ ഗൂഢമായതു ഉച്ചരിക്കും" എന്നു പ്രവാചകൻ പറഞ്ഞതു നിവൃത്തിയാകുവാൻ സംഗതിവന്നു.*

ലോകസ്ഥാപനം മുതൽ നിഗുഢമായിരുന്ന കാര്യങ്ങൾ ഇപ്പോൾ യേശുക്രിസ്തുവിൽ കൂടെ വെളിപ്പെടുത്തിയിരിക്കുന്നു.

*മത്തായി 25:34 രാജാവു തന്റെ വലത്തുള്ളവരോടു അരുളിച്ചെയ്യും: എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനംമുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ.*

ലോകസ്ഥാപനം മുതൽക്കേ സ്ഥാപിതമായ രാജ്യത്വം.

*എഫെസ്യർ 1:4 നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്നു അവൻ ലോകസ്ഥാപനത്തിന്നു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുക്കയും*

ലോകസ്ഥാപനത്തിനു മുന്നമേ നാം അവനിൽ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

*2 തിമൊഥെയൊസ് 2:19 എങ്കിലും ദൈവത്തിന്റെ സ്ഥിരമായ അടിസ്ഥാനം നിലനില്ക്കുന്നു; കർത്താവു തനിക്കുള്ളവരെ അറിയുന്നു എന്നും കർത്താവിന്റെ നാമം ഉച്ചരിക്കുന്നവൻ എല്ലാം അനീതി വിട്ടകന്നുകൊള്ളട്ടെ എന്നും ആകുന്നു അതിന്റെ മുദ്ര.*

പിതാവായ ദൈവം യേശുക്രിസ്തുവിനെ തന്റെ വിശുദ്ധപർവ്വതത്തിൽ ഉയർത്തിയിരിക്കുന്നു, ആ ക്രിസ്തുവത്രേ, വരണ്ട അവസ്ഥയിലായിരുന്നു നമ്മുടെ പഴയപ്രകൃതത്തിൽ ഉളവായ പുതിയ മനുഷ്യൻ.

# മഹത്തരമായ ഒരു ദാനം - ഒരു ജീവിത കഥ

## ഫിനിസ് ജെ ഡേക്ക്സ്

ചില വിശ്വാസികൾ അവർ പ്രസ്താവിക്കുന്ന ജീവിതം പോലെ ജീവിക്കുന്നത് കാണും വരെ ഞാൻ എന്റെ യൗവ്വന കാലത്തിൽ ക്രിസ്തീയ വിശ്വാസത്തെ തള്ളിക്കളഞ്ഞിരുന്നു. എന്നാൽ നല്ല ക്രിസ്തീയ ജീവിത മാതൃക എന്നെ ഒരു തീരുമാനത്തിലേക്ക് നയിച്ചു. ചില ആഴ്ചകൾ എന്റെ മനഃസാക്ഷിയുമായി ഒരു പോരാട്ടത്തിനുശേഷം, എന്തുതന്നെ ആയാലും ദൈവത്തെ സേവിക്കാനും, ദൈവഹിതം ചെയ്വാനും ഞാൻ തീരുമാനിച്ചു. ഞാൻ ഒരു ദൈവപൈതലാണെന്നും, ക്രിസ്തുവിന്റെ രക്തം എന്റെ എല്ലാ അനീതിയിൽ നിന്നും എന്നെ ശുദ്ധീകരിച്ചുവെന്നും എന്റെ ആത്മാവു തന്നെ എനിക്ക് സാക്ഷ്യം പറഞ്ഞു. എന്റെ ജീവിതത്തിൽ ക്രിസ്തു പ്രവർത്തിച്ചതിന്റെ ബാഹ്യസൂചകമായി ഞാൻ ജലസ്നാനം സ്വീകരിച്ചു.

എന്നാൽ ദൈവത്തിനായുള്ള എന്റെ ദാഹം മുമ്പുണ്ടായിരുന്നതിലും വളരെ അധികമായിരുന്നു. ദൈവത്തോട് ചേർന്ന് നടപ്പാനും പരിശുദ്ധാത്മാവിനാൽ നിറയപ്പെടുവാനുമായി ഞാൻ കരഞ്ഞു പ്രാർഥിച്ചു. ദൈവത്തിനായി ആഗ്രഹിച്ചുകൊണ്ട് ഞാൻ പ്രാർഥനയിലും ആരാധനയിലും മണിക്കൂറുകൾ ചിലവഴിച്ചു.

മൂന്നു മാസം പൂർണ്ണ ഹൃദയത്തോടെ എന്നെ സമർപ്പിച്ചു പ്രാർത്ഥിച്ച അവസരത്തിൽ ശക്തിയായ പരിശുദ്ധാത്മാഭിഷേകം എനിക്ക് ലഭിച്ചു. തണുത്ത ശക്തിയേറിയ ഒരു കാറ്റ് എന്നെ സ്പർശിച്ചു. യോഹന്നാൻ സുവിശേഷത്തിൽ (യോഹന്നാൻ 7 : 37 - 39) യേശുക്രിസ്തു വാഗ്ദാനമായി നൽകിയ ജീവജലത്തിന്റെ നദി എന്നിൽ നിന്നും പ്രവഹിച്ചു. പെന്തക്കോസ്തുനാളിൽ ശിഷ്യന്മാർക്കു ലഭിച്ചത് അതെ അളവിൽ എനിക്ക് ലഭിച്ചപ്പോൾ തുടർച്ചയായി ഞാൻ സ്തുതിച്ചുകൊണ്ടിരുന്നു. സ്തുതിയുടെ ഒരു പ്രവാഹം എന്നുതന്നെ പറയാം.

1920 -ൽ പതിനേഴു വയസ്സ് പ്രായമുള്ളപ്പോൾ, നൂറുകണക്കിന് ദൈവവചനങ്ങൾ മനഃപാഠം പഠിക്കാതെതന്നെ ഉരുവിടുവാൻ എനിക്ക് സാധിച്ചു. പല വചനങ്ങളും ഏതു പുസ്തകത്തിൽ, ഏതു അധ്യായത്തിൽ നിന്നും ആകുന്നു എന്ന് അറിയാൻ എനിക്ക് പെട്ടെന്ന് സാധിക്കുന്നുവെന്നു ഞാൻ ശ്രദ്ധിച്ചു. മനസാന്തരത്തിനു മുമ്പ് വേദപുസ്തകത്തിലെ ഒരു അദ്ധ്യായം പോലും ഞാൻ തികച്ചു വായിച്ചിരുന്നില്ല. ദൈവവചനത്തിലുള്ള ഈ അറിവു ദാനമായി തന്ന ദൈവത്തെ ഞാൻ സ്തുതിക്കുന്നു.

പ്രത്യേക അഭിഷേകം ലഭിച്ചതിനു ശേഷം ഇന്നുവരെ, വചനം പഠിപ്പിക്കുന്നതിന് ആവശ്യമായ ആയിരക്കണക്കിന് വാക്യങ്ങൾ ഒരിക്കൽ പോലും കാണാതെ പഠിക്കേണ്ടി വന്നിട്ടില്ല. പരിശുദ്ധാത്മാഭിഷേകത്താൽ എനിക്ക് ആവശ്യമായ വാക്യം തക്കസമയത്തു ഉദ്ധരിക്കാൻ എനിക്ക് കഴിയുന്നു.

പിന്നീട് ഞാൻ തുടർച്ചയായി വചനം പഠിക്കുവാൻ തുടങ്ങുകയും ഇതിനകം ആയിരക്കണക്കിന് മണിക്കൂറുകൾ വചനത്തിന്റെ ആഴങ്ങളിൽ നിന്നും ആത്മീയധനം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്തു. എന്റെ പഠനത്തിൽ ആദ്യം തന്നെ ഞാൻ മനസ്സിലാക്കിയത്, വേദപുസ്തകം ലളിതവും വ്യക്തവും ആണെന്നതാണ്. പരിശുദ്ധാത്മാവിനു കീഴ്പെട്ടതിനാൽ, ദിനംപ്രതിയുള്ള വേദപഠനവും വചനം ഉദ്ധരിക്കുന്നതിനുള്ള കഴിവും 'സത്യത്തെ യഥാർത്ഥമായി ....'( 2 തിമോത്തിയോസ് 2 : 15) പ്രസംഗിക്കാൻ സഹായിച്ചു. ഒരു വാക്യത്തിൽ വ്യക്തമല്ലാത്ത അതെ വിഷയം, മറ്റൊരു വേദഭാഗത്തു വിശദമാക്കിയിരിക്കുന്നതിനാൽ, പ്രവചനത്തെക്കുറിച്ചോ, പ്രയാസം തോന്നിപ്പിക്കുന്ന വേദഭാഗങ്ങളെക്കുറിച്ചോ എനിക്ക് അവ്യക്തത തോന്നിയില്ല.

പരിശുദ്ധാത്മാവിനു കീഴ്പെട്ടുകൊണ്ടു മണിക്കൂറോളമുള്ള പഠനം, സമ്പന്നമായ ഒരു സംഭരണിയിൽ നിന്നും വചനത്തെക്കുറിച്ചുള്ള ജ്ഞാനം ലഭിക്കുവാൻ കാരണമായി. പതിനെട്ടാമത്തെ വയസ്സിൽ ശുശ്രൂഷക്ക് ഒരുങ്ങുവാനായി ഞാനൊരു ബൈബിൾ പഠന സ്ഥാപനത്തിൽ ചേർന്നു. ഒരു വ്യക്തി ഒന്നുകിൽ വേദപുസ്തകം പഠിപ്പിക്കുന്നത് മാത്രം വിശ്വസിക്കുക, അല്ലാത്തപക്ഷം വ്യക്തികളുടെ പലവിധത്തിലുള്ള ചിന്താക്കുഴപ്പം ഉണ്ടാക്കുന്ന വ്യാഖ്യാനങ്ങളുമായി പൊരുതി തന്റെ ജീവിതം ചിലവഴിക്കേണ്ടി വരും എന്ന് വേഗം തന്നെ ഞാൻ മനസ്സിലാക്കി. ചില അടിസ്ഥാന തത്വങ്ങളെക്കുറിച്ചു അദ്ധ്യാപകരുടെ ഇടയിൽ തന്നെ അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്നു. ചില വിഷയങ്ങൾ വേദപുസ്തകത്തിൽ വ്യക്തമായി ഉദ്ധരിച്ചതിനോടുതന്നെ പലരും വിയോജിക്കുകയുണ്ടായി.

ചിന്താക്കുഴപ്പം ഉണ്ടാക്കുന്ന കുറെ തത്വസംഹിതകളുമായി എനിക്ക് പരിചയപ്പെടേണ്ടിവന്നു. ഒരു വിഷയത്തെക്കുറിച്ചു പ്രതിപാദിച്ചിട്ടുള്ള എല്ലാ വേദഭാഗങ്ങളും പരിശോധിച്ചാൽ ചില പ്രമാണങ്ങൾ തിരുവചനത്തിനു അനിയോജ്യമാണെന്നു തെളിയിക്കാം. (ഉപദേശപിശകുകളുള്ള പ്രമാണങ്ങൾ

പഠിപ്പിച്ചിട്ടും മഹാന്മാരായ മുൻതലമുറയിലെ ചില പ്രസംഗികരിൽനിന്നുമാണ് അങ്ങനെയുള്ള പ്രമാണങ്ങൾ കൈമാറ്റപ്പെട്ടത്.)

തിരുവചന സത്യങ്ങളെക്കുറിച്ചു ഉറപ്പുവരുത്തുവാൻ, എനിക്കു ലഭിച്ച ആത്മദാനത്താൽ, ദൈവത്തെത്തന്നെയും ദൈവം എനിക്ക് നൽകിയ വചനത്തിലുള്ള അറിവിനെയും നടത്തിപ്പിനെയും ഉപയോഗിക്കുക, അല്ലെങ്കിൽ കൂട്ടത്തോട് ചേർന്നുപോകുക എന്ന് ഒരു തീരുമാനം ഞാൻ എടുക്കേണ്ടിവന്നു. എന്റെ തീരുമാനം ഉറച്ചതായിരുന്നു.
പൗലോസ് അപ്പോസ്തോലൻ പറഞ്ഞപ്രകാരം (2 കൊരിന്ത്യർ 13 : 1), രണ്ടോ മൂന്നോ തിരുവചനങ്ങൾ തെളിയിക്കുവാൻ കഴിയാത്ത ഒന്നും തന്നെ ഞാൻ പഠിപ്പിക്കയില്ലയെന്നു കർത്താവിനോടു പ്രതിജ്ഞചെയ്തു.

മാത്രമല്ല, തിരുവചനം മനുഷ്യഭാഷയിലുള്ള ദൈവത്തിന്റെ വചനമാണെന്നു ഞാൻ തിരിച്ചറിഞ്ഞു. എന്തെന്നാൽ 'തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല' 2 പത്രോസ് 1 : 20 പ്രകാരം, മറ്റു തിരുവചന വാക്യങ്ങളുമായി ചേർന്നു വ്യാഖ്യാനിക്കാതെ ഒരു പ്രവചനവും സ്വയമായി പ്രസ്താവിക്കാൻ പാടില്ല എന്ന് ഞാൻ വിശ്വസിച്ചു. ചേർച്ചയില്ലാത്ത ഏതൊരു വ്യാഖ്യാനവും മനുഷ്യരുടെ ഒരു നിരൂപണം മാത്രമായി തള്ളിക്കളയേണ്ടതാണ്.

ഒരു ചെറുപ്പക്കാരൻ എടുക്കേണ്ട വലിയ തീരുമാനമായിരുന്നു അത്. കൗമാരത്തിൽ നിന്നും യൗവ്വനത്തിലേക്കു പ്രവേശിച്ച ഒരു യുവാവിനെ ശ്രദ്ധിക്കുന്നതിലും കൂടുതലായി, പ്രായമുള്ളവരെ കേൾക്കുവാൻ താല്പര്യമുള്ള ചില സ്നേഹിതന്മാരെ എനിക്ക് നഷ്ടപ്പെട്ടു. ഇപ്പോൾ ഞാനും പ്രായമായി തലമുടി നരച്ചു എങ്കിലും എന്റെ തീരുമാനത്തിൽ ഉറച്ചു തന്നെ നിൽക്കുന്നു.

വർഷങ്ങൾക്കുമുൻപ് ഞാൻ ഉദ്ധരിക്കുവാൻ തുടങ്ങിയ പ്രവചനങ്ങളും, വാഗ്ദത്തങ്ങളും, ഗുണദോഷങ്ങളും, പ്രമാണങ്ങളും അതുപോലെതന്നെ വേദപുസ്തകത്തിൽ ഇന്നും കാണുന്നു. വായിക്കാൻ താല്പര്യമുള്ള ആർക്കും തന്നെ മനസ്സിലാക്കാവുന്ന ലഘുഭാഷയിലാണല്ലോ തിരുവചനം. വല്ലപ്പോഴും ചില വാക്കുകളുടെ അർത്ഥത്തിനായി നിഘണ്ടുവിലേക്കു നോക്കുകയും ചെയ്യാം.

എന്റെ ആദ്യതീരുമാനം, ഇന്ന് പലവിധത്തിലും പ്രതിഫലം നേടിയതായി കാണുന്നു. എനിക്ക് ലഭിച്ച പല എഴുത്തുകളിൽ നിന്നും അത് വ്യക്തമാണ്. ഒരു കത്തിൽ ഇപ്രകാരം പറയുന്നു, "താങ്കൾ പഠിപ്പിച്ചിരുന്നത് വർഷങ്ങൾക്കു മുൻപ് എനിക്ക് പ്രയോജനകരമായി തോന്നിയില്ല, എന്നാൽ താങ്കളുടെ ലേഖനങ്ങൾ ഇപ്പോൾ വളരെ സഹായകരവും ഉത്തേജനം നൽകുന്നതുമായി മനസ്സിലാകുന്നു."

വേദപുസ്തകത്തിൽ ഉൾക്കൊണ്ടിരിക്കുന്ന എല്ലാ വിഷയങ്ങളും തിരുവചനപ്രകാരം മാത്രം കൃത്യമായി പഠിപ്പിക്കണം എന്ന എന്റെ പ്രതിജ്ഞ നിർവഹിച്ചതിന്റെ പ്രതിഫലം ആണ് മേൽ പറഞ്ഞതുപോലെയുള്ള സാക്ഷ്യങ്ങൾ.

തുറന്ന മനസ്സോടെ ദൈവവചനം പഠിക്കാൻ ഞാൻ നിങ്ങൾക്ക്പ്രചോദനം നൽകിയെങ്കിൽ, തിരുവചനം സുവ്യക്തമായി ഉൾക്കൊള്ളുവാൻ ഞാൻ നിങ്ങളെ സ്വാധീനിച്ചെങ്കിൽ, എന്റെ സാക്ഷ്യങ്ങൾ നിങ്ങളെ ദൈവത്തിനായും, തന്റെ വചനങ്ങൾക്കായും ദൈവത്തിന്റെ അഭിഷേകത്തിനായും ദാഹമുള്ളവർ ആക്കിയെങ്കിൽ, നിങ്ങളുടെ ജീവിതം അനുഗ്രഹിക്കപ്പെടണം എന്ന് എന്റെ മനസ്സിലുണ്ടായിരുന്ന ഉദ്ദേശം പൂർത്തീകരിക്കപ്പെട്ടു.

*കുറിപ്പ്: ഡേക്ക്സ്നു ഈ വരദാനം ഉണ്ടായിരുന്നു, അദ്ദേഹം അത് ഉപയോഗിക്കുകയും ചെയ്തു. അദ്ദേഹം പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചിരുന്നു.*

# വിശ്വാസ വീരന്മാർ - വില്യം കേറി

(മുൻ ലക്കത്തിൽ നിന്നും തുടർച്ച)

## വില്യം കേറിയുടെ ആദ്യത്തെ വേദപുസ്തക പരിഭാഷ

ആരോഗ്യം വീണ്ടെടുത്ത ശേഷം കേറി നിത്യവും തന്റെ പ്രഭാഷണം തുടരുകയും, തന്നെ അന്വേഷിച്ചു വന്നവരുമായി ബംഗാളിയിൽ സംഭാഷണം നടത്തുകയും ചെയ്തു. വേദപുസ്തകം പരിഭാഷപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ, പൂർത്തിയാകുന്ന പുതിയ വേദഭാഗങ്ങൾ ശരിയാണോ എന്നറിയുവാൻ നൂറുകണക്കിന് നാട്ടുകാരെ വായിച്ചു കേൾപ്പിക്കുമായിരുന്നു.

സംസ്കൃതഭാഷയില്ലാതെ ബംഗാളിയിൽ നൈപുണ്യം നേടാൻ സാധ്യമല്ലെന്നു മസ്സിലാക്കിയ കേറി, തന്റെ സ്വതസിദ്ധമായ വേഗതയോടും, അധ്വാനശീലത്തോടും കൂടെ സംസ്കൃതം പഠിക്കുവാൻ തുടങ്ങി. എട്ടു മാസത്തിനുള്ളിൽ വളരെ നന്നായി സംസ്കൃതം പഠിച്ച കേറി ഇപ്രകാരം എഴുതി, "ഒരു പക്ഷെ ലോകത്തിൽ തന്നെ ഏറ്റവും കഠിനമായ ഭാഷയെന്നു തോന്നിക്കുന്ന സംസ്കൃത ഭാഷ ഞാൻ പഠിക്കുകയാണ്, അതിനായി ഞാൻ സംസ്കൃത വ്യാകരണവും നിഘണ്ടുവും മിക്കവാറും ഇംഗ്ലീഷ് ഭാഷയിലേക്കു പരിഭാഷപ്പെടുത്തിക്കഴിഞ്ഞു. മാത്രമല്ല, ഇംഗ്ലീഷും ബംഗാളിയും ഉൾപ്പെടുത്തി സംസ്കൃതത്തിൽ ഒരു നിഘണ്ടു നിർമ്മിക്കുന്നതിൽ പുരോഗമിച്ചിട്ടുമുണ്ട്."

1798 - ൽ ഭാരതത്തിൽ വന്നു അഞ്ചു വർഷത്തിനുശേഷം, യോശുവ മുതൽ ഇയ്യോബ് വരെയുള്ള ചരിത്ര പുസ്തകങ്ങൾ ഒഴികെ, ആദ്യത്തെ വേദപുസ്തകം കേറി പരിഭാഷപ്പെടുത്തുകയും പുതിയ നിയമം അച്ചടിക്കുന്നതിന്റെ ചിലവ് നിർണയിക്കുന്നതിനായി കൊൽക്കത്തയിലേക്ക് പോകുകയും ചെയ്തു. 40 രൂപയ്ക്കു തടികൊണ്ടുള്ള ഒരു അച്ചടിയന്ത്രം ലഭിക്കുവാനിടയായതിൽ കേറി ദൈവത്തിനു നന്ദി അർപ്പിച്ചു. തന്റെ ഭവനത്തിൽ അച്ചടിയന്ത്രം ലഭിച്ച കേറിയുടെ അതിയായ സന്തോഷം കണ്ടപ്പോൾ, അത് ഇംഗ്ലീഷുകാരുടെ ആരാധനാ വിഗ്രഹം ആണെന്നുപോലും അവിടുത്തെ നാട്ടുകാർ ചിന്തിച്ചുപോയി.

1795 ജനുവരി 21 - ന് കേറിയും മി.തോമസും ചേർന്നു രണ്ടു കോളേജുകൾ തുടങ്ങുവാൻ ഒരു പദ്ധതി ആവിഷ്കരിച്ചു. ഒരു പണ്ഡിതന്റെ ചുമതലയിൽ ആറു ഇസ്ലാമും ആറു ഹിന്ദുക്കളും ഉൾപ്പെട്ട പന്ത്രണ്ടു കുട്ടികൾക്ക് വിദ്യാഭ്യാസം നല്കുവാനായിരുന്നു പദ്ധതി. സംസ്കൃതവും, ബംഗാളിയും, പേർഷ്യൻ ഭാഷകളും പഠിപ്പിക്കുന്നതിനോടൊപ്പം, വേദപുസ്തക പഠനവും ഉൾപ്പെടുത്തി. ഏഴുവർഷമാണ് ഈ വിദ്യാഭ്യാസത്തിന്റെ കാലയളവ്. നാൽപതു കുട്ടികളുമായി 1799 - ൽ കേറി ഒരു വിദ്യാലയം ആരംഭിച്ചു. പല അനാഥകുട്ടികളുടെയും ചിലവ് പൂർണ്ണമായും കേറി ഏറ്റെടുത്തു. പാവപ്പെട്ടവർക്കായി വൈദ്യസഹായവും (മെഡിക്കൽ മിഷൻ) ആരംഭിച്ചു. മരുന്ന് വില്കുകയില്ലയെന്നും, ശുശ്രുഷക്ക് പണം വാങ്ങുകയില്ലെന്നും അവർ തീരുമാനിച്ചു. പാവപ്പെട്ടവർക്കും അവരുടെ അയൽക്കാർക്കും അവരുടെ സേവനം നൽകി.

മിക്കവാറും എല്ലാ ഭാഷകളും പഠിച്ചിരിക്കണം ഇന്നും ഏഷ്യയിൽ പൂർണമായും സുവിശേഷം പരക്കുമാറ് മിഷൻ പ്രവർത്തനം കഴിയുന്നത്രയും ശക്തീകരിക്കണം എന്നും കേറിക്കു അതിയായ ആഗ്രഹം ഉണ്ടായിരുന്നു. അഞ്ചു വർഷത്തിനുശേഷം മി.ഉടനിക്കു

അദ്ദേഹത്തിന്റെ 'ഇൻഡിഗോ കമ്പനി' താറുമാറായ അവസ്ഥ മനസ്സിലാകുകയും അത് മതിയാക്കി ഇംഗ്ലണ്ടിലേക്കു മടങ്ങിപ്പോകുവാൻ അദ്ദേഹം തീരുമാനിക്കുകയും ചെയ്തു.

ഇനി മുന്നോട്ടു എങ്ങനെ? നാലു പുതിയ പ്രവർത്തകർ കുടുംബസമേതം വന്നു ചേരുവാൻ ഒരുങ്ങുന്നു, അധികാരികൾ അവർക്കു അനുമതിപത്രം നൽകുമോ? ഭാവിയിലെ മിഷൻ പ്രവത്തകരെ തന്റെ കൂടെ പ്രവർത്തിക്കുവാൻ അവർ അനുവദിക്കുമോ? അവരുടെ ലൈസൻസ് പുതുക്കുമോ? ഇപ്രകാരം പല സംശയങ്ങളും കേറിയുടെ മനസ്സിൽ നിഴലിട്ടു. ദൈവം തന്റെ പ്രവർത്തകർക്കായി മെച്ചമായതും, സുരക്ഷിതവുമായ ഒരു സങ്കേതം ഒരുക്കിയിട്ടുള്ളതായി അദ്ദേഹം അറിഞ്ഞില്ല.

(തുടരും.....)

## Recipe Corner

**Peccan Tassies** **Shared by: Sis. Leela George**

**Crest**: 2 cup flour, $\frac{1}{2}$ pound butter (2 stick), 2tbs sugar, 6oz cream cheese

Mix together like pie dough. Refrigerate for 1 hr. Make like small balls about 1 inch diameter. Put in 24cups of mini baking pan. Shape your own cups by pressing the dough inside the muffin cup.

**Filling**: 3 eggs, $1\frac{1}{2}$ tsp vanilla, $1\frac{1}{2}$ cup light brown sugar,
4 tbs butter, $\frac{1}{4}$ tsp salt, $1\frac{1}{2}$ cup pecans coarsely chopped.

Now pour the filling in the mini muffin cup about $\frac{1}{2}$ full. Top with pecan nuts and bake at 375 degree for 18-20 minutes. Cool it for 10 minutes. Store in the air tight container for up to 5 days.




# Cross Word Puzzle

**Bible Text : John 15:1-10(KJV)**

Steps

1. Fill in the missing words from the Bible and use KJV Bible version.
2. Solve the cross word puzzle using the filled in words.

**Fill in the Blanks:**

1. Herein is my Father __________, that ye bear much fruit; so shall ye be my disciples.( John 15:8)

2. If a man abide not in me, he is cast forth as a branch, and is _____________; and men gather them, and cast them into the fire, and they are burned.( John 15:6)

3. If ye keep my ______________, ye shall abide in my love; even as I have kept my Father’s commandments, and abide in his love. (John 15:10)

4. Abide in me, and I in you. As the branch cannot bear ____________ of itself, except it abide in the vine; no more can ye, except ye abide in me.( John 15:4)

5. I am the true vine, and my _______________is the husbandman. ( John 15:1)

6. I am the ______________, ye are the branches: He that abideth in me, and I in him, the same bringeth forth much fruit: for without me ye can do nothing.( John 15:5)

7. If ye ______________ in me, and my words abide in you, ye shall ask what ye will, and it shall be done unto you.( John 15:7)

8. As the Father hath loved me, so have I loved you: ______________ ye in my love. ( John 15: 9)

9. Now ye are _______________through the word which I have spoken unto you.( John 15:3)

10. Every _______________in me that beareth not fruit he taketh away: and every branch that beareth fruit, he purgeth it, that it may bring forth more fruit.( John 15:2)




Created online at Gospel Hall dot Org

# Event Schedule

**Sunday Service**
09:30 AM - 11:00 AM : Malayalam Worship
11:30 AM - 1:00 PM : English Worship
10:00 AM - 11:15 AM : Sunday School

**Special Worship(In Church):** Friday 6:30 PM - 8:30 PM

**Youth Meetings:** Friday 7:00 PM - 9:00 PM

**Bible Study(In Homes):**
Wednesday : 10:30 AM - 12:30 PM & 6:30 PM - 8:30 PM

**Cell Meetings:**
Northeast Philadelphia: Saturday & Sunday 6:30 PM - 8:30 PM

For more details please call us at 215-673-4967